LIBRARY ARCHIVES Kerala Legislative Assembly

താൽക്കാലിക ഡെപ്പോസിറ്റ് കളക്ഷനെ തിരിച്ചെടുക്കാൻ നടപടി

100 (7936) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് നിയമിച്ച താൽക്കാലിക ഡെപ്പോസിറ്റ് കളക്ടർമാരെ പിരിച്ചുവിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) പിരിച്ചുവിടപ്പെട്ട ജീവനക്കാരെ തിരിച്ചെടുക്കുന്നത് സംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായി ഉണ്ടാക്കിയ ധാരണ, പ്രാവർത്തികമാക്കുമോ ;

(സി) പ്രസ്തുത ജീവനക്കാരെ എന്ന് ജോലിയിൽ തിരിച്ചെടുക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Daily Deposist Scheme, സുവർണ്ണ വായ്പാ പദ്ധതി എന്നിവയ്ക്കവേണ്ടി കളക്ഷൻ എടുക്കുന്നതിനാണ് കമ്മീഷൻ വ്യവസ്ഥയിൽ കളക്ഷൻ ഏജന്റുമാരെ നിയോഗിച്ചിരുന്നത്. ഈ രണ്ട് പദ്ധതിയും 1-6-2013 മുതൽ ബാങ്ക് നിർത്തൽ ചെയ്തിട്ടുള്ള സാഹചര്യത്തിലാണ് താൽക്കാലിക ഡെപ്പോസിറ്റ് കളക്ടർമാരെ പിരിച്ചുവിട്ടിട്ടുള്ളത്.

(ബി) ട്രേഡ് യൂണിയനുകളുമായി ഉണ്ടാക്കിയ ധാരണ പ്രകാരം 31-3-2014 വരെയുള്ള കാലയളവിൽ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി സേവിംഗ്സ് ബാങ്ക് ക്യാൻവാസ് ചെയ്യുന്നതിന് മാത്രമാണ് Daily Collection Agent-മാരെ നിയോഗിച്ചിരുന്നത്.

(സി) ഇക്കാര്യത്തിൽ ബാങ്ക് തീരുമാനമെടുത്തിട്ടില്ല.

ക്ലാസ് 4 ജീവനക്കാരുടെ സ്ഥാനക്കയറ്റം

101 (7937) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ക്ലാസ്സ് 4 ജീവനക്കാരുടെ 10% സ്ഥാനക്കയറ്റം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ;

(ബി) സഹകരണ വകുപ്പിൽ ക്ലാസ്സ് 4 ജീവനക്കാരുടെ സീനിയോറിറ്റി അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രൊമോഷന് വേണ്ടിയുള്ള ഈ ലിസ്റ്റ് എന്നാണ് പ്രസിദ്ധപ്പെടുത്തിയത് എന്ന് വിശദമാക്കാമോ ;